"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - **2023-24** ൽ പൂർത്തീകരിച്ച കാർഷിക സെൻസസിന്റെ ഒന്നാംഘട്ട സർ വേയുടെ ഹോണറേറിയം ഇനത്തിൽ ഇനി ബാക്കി നൽകാനുള്ള **5,50,800/-** രൂപ ചെലവഴിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**153/2025/P&EA** തീയതി,തിരുവനന്തപുരം, **09-04-2025**

---

പരാമർശം:-
1. **27.02.2023** ലെ സ.ഉ(സാധാ) **73/2023**/പി&ഇഎ
2. **05.01.2024** ലെ സ.ഉ(സാധാ) **5/2024**/പി&ഇഎ
3. **27.02.2024** ലെ സ.ഉ(സാധാ) **80/2024**/പി&ഇഎ
4. **25.10.2024**-ലെ സ.ഉ.(സാധാ) നം.**392/2024**/പി&ഇഎ
5. **24.01.2025**-ലെ സ.ഉ.(സാധാ) നം.**19/2025**/പി&ഇഎ
6. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ **26.02.2025**-ലെ ഡിഇഎസ്/**3656/2023**-എജിസി**1(2)** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട വിവരശേഖരണം പൂർത്തികരിച്ച **19489** വാർഡുകളിൽ, **19336** വാർഡുകൾക്ക് പരാമർശം **(1), (2), (3), (4), (5)** പ്രകാരം ഹോണറേറിയം വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. ആകയാൽ ശേഷിക്കുന്ന **153** വാർഡുകൾക്കു കൂടി ഹോണറേറിയം വിതരണം ചെയ്യുന്നതിനു ആവശ്യത്തിനുള്ള തുക **2401-00-111-99-00-34 (P-V 100% CSS)** എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് **5.508** ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം **(6)** പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2.**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2023-24** ൽ പൂർത്തീകരിച്ച കാർഷിക സെൻസസിന്റെ ഒന്നാംഘട്ട സർവേയുടെ ഹോണറേറിയം ഇനത്തിൽ

ഇനി ബാക്കി നൽകാനുള്ള **5,50,800/-രൂപ (അഞ്ച് ലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം)** 2401-00-111-99-00-34-(P-V) 100% CSS എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (EXP-B3/308/2023-FIN തീയതി 27.03.2025)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (PLGEA-B1/195/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Sajith T
സെക്ഷൻ ഓഫീസർ
Date: 11-04-2025 10:42:06